പിന്നെ ഇവിടെ ഉന്നയിച്ച മറെറാരു കാര്യം ആവശ്യമില്ലാതെ വളരെ അധികം തസ്തികകളും സൃഷ്ടിക്കുന്നുവെന്നാണു്. മാത്രമല്ല ഈ എമർജൻസിയായിരിക്കുന്ന കാലഘട്ടത്തിൽപോലും ചെലവു കൂട്ടുന്നതിനുള്ള തസ്തികകളും സൃഷ്ടിക്കുന്നുവെന്നാണു്. എമർജൻസിയിലായാൽ പോലും ചില തസ്തികകളുള്ളതാണു്. സൃഷ്ടിക്കേണ്ടതായിട്ടുവരും. ഇക്കാര്യത്തിൽ ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും വളരെ ചെലവു ചുരുക്കുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ടു്. എന്തായാലും വളരെ കരുതലോടുകൂടി മാത്രമേ ഇക്കാര്യത്തിൽ ഗവണ്മെൻറിൽ നിന്നും പ്രവർത്തിക്കുകയുള്ളു.

പിന്നെ ശ്രീ ഗോപാലക്കുറുപ്പു് ഇവിടെ പറയുകയുണ്ടായി, ചീഫ് മിനിസ്റ്റർ ഒരു പ്രൈമറി സ്കൂൾ ഉൽഘാടനം ചെയ്യാൻ പോയിയെന്നു്. ചീഫ് മിനിസ്റ്റർ ഒരു പ്രൈമറി സ്കൂൾ അല്ല ഒന്നിലധികം പ്രൈമറി സ്കൂളുകൾ ഉൽഘാടനം ചെയ്തിട്ടുണ്ടു്. മിനിസ്റ്റർമാർ കഴിയുന്നതും ജനങ്ങളുമായി സമ്പർക്കം പുലർത്തേണ്ടവരാണു്. അങ്ങനെ എല്ലാ പ്രദേശത്തുമുള്ള കാര്യങ്ങളും മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണു്. അതിനുവേണ്ടി ചെറിയ ചെറിയ പരിപാടികളിൽ പങ്കെടുക്കാൻ സാധിച്ചാൽ വലിയ പ്രയോജനം ഉണ്ടാകുന്നതാണു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : മുഖ്യമന്ത്രി പ്രൈമറി സ്കൂളുകളും ഉൽഘാടനത്തിനു പോയാൽ പിന്നെ ഞങ്ങളും എന്തു് ഉൽഘാടനം ചെയ്യാനാണു പോകേണ്ടതു് ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പറന്മാർ ഹൈസ്കൂളുകളും കോളേജുകളും ഉൽഘാടനം ചെയ്യണമെന്നാണു് ഞങ്ങളുടെ ആഗ്രഹം.

ശ്രീ. ഈ. പി. ഗോപാലൻ : കോളേജുകളും ഹൈസ്കൂളുകളുമെല്ലാം ഉൽഘാടനം ചെയ്തിട്ടല്ലേ മന്ത്രിമാർ പ്രൈമറി സ്കൂളുകളും ഉൽഘാടനം ചെയ്യാൻ വരുന്നതു്.

ശ്രീ. ആർ. ശങ്കർ : പ്രൈമറി സ്കൂളുകളും, ഹൈസ്കൂളുകളും, കോളേജുകളുമെല്ലാംതന്നെ ഒരേവിധത്തിലുള്ള എഡ്യൂക്കേഷൻ സ്ഥാപനങ്ങളാണെന്നാണു് ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാവരും കരുതുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മിനിസ്റ്റർമാർ പങ്കെടുക്കുന്ന സമ്മേളനത്തിൽ അതിനടുത്തുള്ള എം. എൽ. എ. മാരെക്കൂടി പങ്കെടുപ്പിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : സർ, ഞാൻ ഇനി ഇതിനെപ്പറ്റി കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല. വളരെ ശക്തമായ രീതിയിലും വളരെ ശബ്ദത്തോടുകൂടിയും ഇവിടെ പലരും ഇതിനെപ്പറ്റി ആക്ഷേപം പറഞ്ഞുവെങ്കിലും ഇതിനെപ്പറ്റി ആക്ഷേപം വലിയ ആക്ഷേപമില്ലെന്നു തോന്നുന്നു. ഈ ഡിമാൻറു സഭ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

The question that a supplementary sum not exceeding Rs. 6,20,900 be granted under Demand IX—Heads of States, Ministers and Headquarters Staff was put and carried.

The grant was made.

Demand XXVII—Industries and Demand XLV—Capital Outlay on Industrial Development

Minister for Industries (**Shri K. A. Damodara Menon**) Sir, I move that a supplementary sum not exceeding Rs. 2,07,300 be granted under Demand XXVII—Industries. Sir, I also move that a supplementary sum not exceeding Rs. 13,62,800 be granted under Demand XLV—Capital Outlay on Industrial Development.

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Poulose : I second it.

ശ്രീ. പി. രവീന്ദ്രൻ : സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണു്. പ്രധാനമായും എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു് 'ക്യാപിറ്റൽ ഔട്ട്ലേ ഓൺ ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ്' ഈ ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചാണു്. ഇതിൽ കൈത്തറി നെയ്ത്തു വ്യവസായ വികസനത്തിനു വേണ്ടി 1, 62, 800 രൂപ ഗവണ്മെൻറു് ചെലവാക്കാൻ റഫലൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശമുണ്ടു്. അതിനെസംബന്ധിച്ചു് ഒന്നുരണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു.

സർ, കൈത്തറി നെയ്ത്തു വ്യവസായത്തിൻെറ വിവിധതരത്തിലുള്ള പുരോഗതിയ്ക്കുവേണ്ടി, അതിനെ സഹായിക്കുന്നതിനു വേണ്ടി പ്രധാന ഘടകങ്ങൾ എന്നുള്ള നിലയിലാണു് അപ്പക്സ് സൊസൈറ്റികൾ ഏർപ്പെടുത്തിയിട്ടുള്ളതു്. ഈ സൊസൈറ്റിയ്ക്കു് 51 ശതമാനം ഷെയർ ക്യാപിറ്റലായിട്ടു് ഗവണ്മെൻറിൽനിന്നും കൊടുക്കാമെന്നു് പറഞ്ഞിരുന്നു. ഈ സൊസൈറ്റി രൂപീകരിച്ചു് രണ്ടു വർഷം കഴിഞ്ഞപ്പോൾ പന്ത്രണ്ടു് ലക്ഷത്തോളം രൂപ ഓഹരി മൂലധനമായി പിരിക്കാൻ സാധിച്ചിട്ടുണ്ടു്. ഗവണ്മെൻറു് ഏകദേശം മൂന്നിലേയ്ക്കു് അൻപതിനായിരത്തോളം രൂപ കൊടുക്കാമെന്നു് ഏറ്റിട്ടുണ്ടു്. അതു് മൂന്നു ഗഡുക്കളായിട്ടാണു് കൊടുക്കുന്നതു്. ഈ സൊസൈറ്റി രൂപീകരിച്ചിട്ടു് രണ്ടു വർഷം കഴിഞ്ഞു. ഇത്രയും നാളും കഴിഞ്ഞിട്ടും അതിൻെറ പ്രവർത്തനം മൂലധനം വായ്പയായിട്ടു് കിട്ടിയിട്ടില്ല. റിസർവു ബാങ്കിലെ പദ്ധതിയനുസരിച്ചു് പതിനാറുലക്ഷം രൂപ വായ്പ കിട്ടാനുള്ള സാദ്ധ്യതയുണ്ടു്. പക്ഷെ ഈ അടുത്തകാലത്തായി കൂടുതൽ ഷെയർ പിരിച്ചതിൻെറ ഫലമായി 36 ലക്ഷം രൂപ റിസർവുബാങ്കിൽ നിന്നും വായ്പയായി കിട്ടാനുള്ള സാദ്ധ്യതയുണ്ടു്.

സംഘങ്ങളുടെ ബൈലയനുസരിച്ചാണെങ്കിൽ ഇപ്പോഴത്തെ ഓഹരിയുടെ അടിസ്ഥാനത്തിൽതന്നെ ഒന്നേകാൽകോടിയിലധികംരൂപ വായ്പയായി കിട്ടുന്നതിനു സൗകര്യമുണ്ടു്. പക്ഷെ ഇതുവരെ ഒരൊറ്റ പൈസപോലും റിസർവ്ബാങ്കിൽനിന്നു വായ്പ എടുക്കുന്നതിനു കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് അതിൻെറ പ്രവർത്തനവും ഭംഗിയായി നടത്തുവാൻ കഴിഞ്ഞിട്ടില്ല. അതിനു പ്രധാനമായ കാരണം ഈ സംഘങ്ങളുടെ കണക്കു് ആഡിറ്റു ചെയ്തുകൊടുക്കുന്നതിൽ കോവാപ്പറേറ്റീവു് ഡിപ്പാർട്ടുമെൻറു കാണിക്കുന്ന അനാസ്ഥയാണു്. ഇപ്പോഴത്തെ അടുത്ത സാമ്പത്തികവർഷത്തിലെ പ്രവർത്തന മൂലധനത്തിനു അപേക്ഷിക്കേണ്ടതുണ്ടു്. 29–2–1964–നകം 36ലക്ഷം രൂപ വായ്പ കിട്ടുന്നതിനുള്ള അപേക്ഷ കൊടുക്കേണ്ടതാണു്. പക്ഷേ 1961–62–ലെ ആഡിറ്റു സർട്ടിഫിക്കറ്റു കോവാപ്പറേറ്റീവു് ഡിപ്പാർട്ടുമെൻറു് ഇതുവരെയും ഈ സംഘങ്ങൾക്കു് കൊടുത്തിട്ടില്ല. 29–ാം തീയതിയാണു് അപേക്ഷ കൊടുക്കേണ്ടതു്. വായ്പക്കുവേണ്ടിയുള്ള അപേക്ഷ കൊടുക്കുമ്പോൾ 1961–62–ലെ ആഡിറ്റു സർട്ടിഫിക്കറ്റുകൂടി കൊടുക്കേണ്ടതാണു്. പക്ഷേ സഹകരണ ഡിപ്പാർട്ടുമെൻറു ഇതുവരെ ഈ സംഘങ്ങൾക്കു് ആഡിറ്റു സർട്ടിഫിക്കറ്റു കൊടുത്തിട്ടില്ല. അതുകൊണ്ടു് അടുത്ത വർഷത്തിലേക്കു് റിസർവു് ബാങ്കിൽനിന്നു് ലോൺസ് കിട്ടുന്നതിനുള്ള സാദ്ധ്യത നഷ്ടപ്പെടുകയാണു് ചെയ്തിരിക്കുന്നതു്. ഓഹരിമൂലധനത്തിൽ പങ്കു കൊള്ളുന്നതിനു വേണ്ടി ഗവണ്മെൻറു് ഒരു തുക കൊടുത്തുവെങ്കിലും ഇതുവരെ ഈ പ്രവർത്തനം മൂലധനം റിസർവു് ബാങ്കിൽനിന്നു വാങ്ങുന്നതിനു് കഴിഞ്ഞിട്ടില്ല. അങ്ങനെ അപേക്ഷിക്കാതെ പോയതു് സഹകരണ ഡിപ്പാർട്ടുമെൻറിൻെറ സഹകരണക്കുറവുകൊണ്ടാണെന്നുള്ള ആക്ഷേപം ഈ സന്ദർഭത്തിൽ ഞാൻ ഉന്നയിക്കുകയാണു് ചെയ്യുന്നതു്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറു് അതിനു ഷെയർ ക്യാപ്പിറ്റലെടുത്തു് ഇവർക്കു് സഹായം ചെയ്തുകൊടുത്തുവെങ്കിലും ആ സഹായം കൊണ്ടുള്ള പ്രയോജനം സഹകരണ ഡിപ്പാർട്ടുമെൻറു് ഇല്ലാതാക്കുകയാണു് ചെയ്തിട്ടുള്ളതു്. ഗവണ്മെൻറിൻെറ ഒരു വിംഗ് നൽകുന്ന സഹായം പ്രയോജനപ്പെടാത്ത വിധത്തിൽ മറ്റൊരു വിംഗ് അപഹാസ്യമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിലയാണു് ഇതിൽ സ്വീകരിച്ചിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണു്. സർ, രണ്ടു വർഷക്കാലമായി ഈ സംഘങ്ങൾ രൂപീകരിച്ചിട്ടു്. വളരെ പ്രതീക്ഷകളോടുകൂടി രൂപീകരിച്ചതാണു് ഈ സംഘങ്ങൾ. എന്നിട്ടു്ഇതേവരെ ഒരു നയാപൈസപോലും പ്രവർത്തനമൂലധനമായി വാങ്ങാൻ ഗവണ്മെൻറിൻെറ ഒരു ഡിപ്പാർട്ടുമെൻറിൻെറ അനാസ്ഥമൂലം കഴിയാതെ വരുന്നു എന്നു പറയുന്നതു് നിർഭാഗ്യകരമായ ഒരു സംഗതിയാണു്. അതുപോലെതന്നെ മറെറാരു പ്രധാനമായ കാര്യം എനിക്കു് ചൂണ്ടിക്കാണിക്കാനുണ്ടു്. അതു് അപ്പക്സു് സൊസൈറ്റിയുടെകടവായ്പയെ സംബന്ധിച്ചുള്ളതാണു്. മൻപു് ട്രാവൻകൂർസ്റ്റേറ്റു് ബാങ്കിൽനിന്നു് കെട്ടിടവായ്പ എന്നുള്ള നിലയിൽ ഈ സംഘങ്ങൾ രണ്ടു ലക്ഷത്തോളം രൂപ വായ്പ വാങ്ങിയിട്ടുണ്ടായിരുന്നു. 1949-ലാണു് അതു് വാങ്ങിയതു്. കഴിഞ്ഞവർഷംവരെ 1,62,671 രൂപ പലിശ ഇനത്തിൽ കൊടുത്തിട്ടുണ്ടു്. അതു് ഏതാണ്ടു് മുതലിൻെറ പകുതിയിലധികം കൊടുത്തു. അപ്പോഴും രണ്ടു ലക്ഷംരൂപ മുതലും 29,887 രൂപ പലിശയും അടക്കം 2,29,887 രൂപക്കു് ഒരു ആർബിട്രേഷൻ കേസു് ഇന്നു നിലവിലുണ്ടു്. സഹകരണ ഡപ്യൂട്ടി രജിസ്ട്രാർ അതിനു് കേസു് എടുത്തിട്ടുണ്ടു്. അതിൻെറ വിചാരണ നടന്നു കൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. ഏതായാലും ഈ ആഡിറ്റു് സർട്ടിഫിക്കറ്റു് കൊടുക്കുന്നതിൽ വളരെയധികം കാലവിളംബം കാണിക്കുന്ന കോവാപ്പറേറീവു് ഡിപ്പാർട്ടുമെൻറു് ഈ സൂട്ടു് മുൻപോട്ടു കൊണ്ടുപോകുന്ന കാര്യത്തിൽ വളരെയധികം താല്പര്യം കാണിക്കുന്നുണ്ടു് എന്നുള്ളതാണു് എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളതു്. ഡിസ്ട്രിക്കു് കോവാപ്പറേറീവു് പ്രൈമറി സഹകരണസംഘങ്ങൾക്കു് വായ്പ വാങ്ങുന്നതിനു് ഒട്ടുവളരെ തടസ്സങ്ങൾ വന്നിട്ടുണ്ടു്. അപ്പക്സു് സൊസൈറ്റിക്കു് പ്രൈമറി സംഘങ്ങൾ തുണി വായ്പയായി കൊടുത്താൽ അതു് കോവാപ്പറേറീവു് ഡിപ്പാർട്ടുമെൻറു് എതിർക്കുന്നുണ്ടു്, അപ്പക്സു് സൊസൈറ്റിക്കു് വായ്പയായി ചരക്കു കൊടുത്താൽ പ്രൈമറി സംഘങ്ങളുടെ ചെക്കു് പാസ്സാക്കിക്കൊടുക്കാതെ വരുന്നുണ്ടു്. അങ്ങനെ വളരെയേറെ ബുദ്ധിമുട്ടുകൾ ഈ പ്രൈമറി സഹകരണസംഘങ്ങൾക്കു് വരുന്നുണ്ടു്. നേരത്തെ ഇതിനുവേണ്ടി ഒരു പ്രധാന നിർദ്ദേശം പറഞ്ഞതു്, ബാംബേ, ഉത്തരപ്രദേശു് മുതലായ സ്ഥലങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ ഇൻഡസ്ട്രീസു് കോവാപ്പറേറീവു സൊസൈറ്റികൾക്കു് ധനസഹായം ചെയ്യുന്നതിനു് പ്രത്യേകമായി ഒരു ബാങ്കു് ഉണ്ടാക്കണമെന്നാണു്. അങ്ങനെ ചെയ്യേണ്ടതു് വളരെ ആവശ്യമാണു്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സഹകരണ ഡിപ്പാർട്ടുമെൻറു് ഈ വ്യവസായങ്ങളോടു് അനുഭാവരഹിതമായ നിലയാണു് സ്വീകരിച്ചിട്ടുള്ളതു് ഈ കാര്യത്തിൽ വളരെയധികം നടപടി ഗവണ്മെൻറു് സ്വീകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇൻഡസ്ട്രീസു് ഡിപ്പാർട്ടുമെൻറു് ചെയ്ത ആനുകൂല്യം കോവാപ്പറേറീവു് ഡിപ്പാർട്ടുമെൻറു് എടുത്തുകളഞ്ഞ ഒരു പരിതഃസ്ഥിതി വന്നിരിക്കുന്നതുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. ഈ. പി. ഈപ്പൻ : സർ, ഈ ഡിമാൻറിനെപ്പററി പറയുമ്പോഴും ഞാൻ കഴിഞ്ഞ രണ്ടു കൊല്ലമായിട്ടു് ആവർത്തിക്കുന്ന ഒരു കാര്യം എൻെറ ഓർമ്മയിൽ വരികയാണു്. ഇതിൽ ലോൺസിൻെറ കൂട്ടത്തിൽ "Loans and Advances by the State Government : Travancore Titanium Products Ltd. Rs. 7,00,000" എന്നു കാണുന്നു. സർ, ഇതു് 10 ടണ്ണിൽ നിന്നു് 18 ടണ്ണായി ടൈറ്റാനിയം ഡയാക്സൈഡു് Production ഇൻക്രീസു് ചെയ്യുന്നതിൻെറ ആവശ്യത്തിലേക്കാണു്. ഈ ടൈറ്റാനിയം പ്രോഡക്ടുസിൻെറ എക്സ്പാൻഷനെപ്പററി കഴിഞ്ഞ കൊല്ലവും അതിൻെറ മൻപിലത്തെകൊല്ലവും ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ടു്. അന്നിവിടെയുണ്ടായിരുന്ന ചീഫു്സെക്രട്ടറിക്കും ഈ ടൈറ്റാനിയം പ്രോഡക്ട്സിൻെറ ജനറൽ മാനേജർക്കും കൂടി ഇംഗ്ലണ്ടും യൂറോപ്പും ഒന്നു പുറപ്പെടുവിക്കുന്നതിനുവേണ്ടി, പുറ

LIBRARY ARCHIVES Kerala Legislative Assembly

ത്തുള്ള ഏതോ കമ്പനിയുമായി കൊളാബറേഷൻ അറേഞ്ചുമെൻറുചെയ്യ ഇതിൻെറ പ്രൊഡ്ക്ഷൻ കൂടാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറയുകയുണ്ടായി. കൊളാബറേഷൻ അറേഞ്ച്മെൻറാണും നടക്കാൻ പോകുന്നില്ല, ഇതു വെറുതേ രാജ്യം ചുറ്റിക്കാണാനുള്ള, ഗവണ്മെൻറിൻെറ പണം.

[Dy. Speaker in the Chair]

അനാവശ്യമായി ചെലവാക്കാനുള്ള ഒരു പരിപാടിയാണു്, അതിൽക്കൂടുതലൊന്നും നടക്കാൻ പോകുന്നില്ലെന്നു അന്നു ഞാൻ പറയുകയുണ്ടായി.

Shri K. A. Damodara Menon: May I point out Madam, that in this demand which I have now moved, does not come as part of this item. This is about Demand LV. That can be taken on a later occasion.

ശ്രീ. ഈ. പി. ഈപ്പൻ : ഞാൻ അതിലേക്കു് കടക്കുന്നില്ല. അതൊരു കീറാമുട്ടി പ്രശ്നമാണു്. ഞാൻ സമയം കിട്ടുന്ന അവസരത്തിൽ അതു പറഞ്ഞുകൊള്ളാം.

സർ, ഇവിടെ ഗവണ്മെൻറു് കൺസേൺസിനെ ഒരു ജായിൻറു്സ്റ്റാക്കു് കമ്പനിയായി മാറ്റാൻവേണ്ടി ഇതിനകത്തു പറഞ്ഞിട്ടുണ്ടു്. സർ, ഈ "പടപേടിച്ചു് പന്തളത്തു ചെല്ലുമ്പോൾ ചൂട്ടും കെട്ടിപട" എന്നു പറഞ്ഞതു പോലെ ഗവണ്മെൻറു് സ്പോൺസേർഡു് ഇൻഡസ്ട്രീസു് എല്ലാംതന്നെ, ഇതിനു് ചേർക്കാൻപോകുന്ന റബ്ബർവർക്സും സൈക്കിൾ റിം ഫാക്ടറിയും എല്ലാം തന്നെ ഇന്നു നഷ്ടത്തിലാണു് പോയ്ക്കൊണ്ടിരിക്കുന്നതു്. ഈ റീആർഗനൈസേഷൻകൊണ്ടു് എന്തെങ്കിലും ഗുണമുണ്ടാവുമോയെന്നുള്ള കാര്യത്തെപ്പറ്റി സംശയമാണു്. ആരംഭത്തിൽതന്നെ, ഞാൻ ഇന്നലെ പത്രത്തിൽ വായിക്കുകയുണ്ടായി, ഈ കൺസേൺസിൽ ഇന്നു പണിയെടുക്കുന്ന ആളുകൾ തന്നെ കച്ചേരിയിൽ കേസുകൊടുത്തു് അവർ സ്റ്റേ വാങ്ങിയിട്ടുണ്ടെന്നു്. അവർക്കു് ഈ കമ്പനിയുടെ കീഴിലുള്ള ഉദ്യോഗമല്ല വേണ്ടതു്, അവരെല്ലാം ഗവണ്മെൻറുദ്യോഗസ്ഥന്മാരാണു്, അവരെ മാറ്റി ഗവണ്മെൻറിൻെറ കീഴിലാക്കുന്നതിനു് അവർ സ്റ്റേ വാങ്ങിച്ചിരിക്കുകയാണു്. ആരംഭത്തിൽതന്നെ ഇതു് കുഴപ്പത്തിലാണു് കാൽവയ്പു്. അതുകൊണ്ടു് ഈ കാര്യത്തിൽ ശരിയായിട്ടുള്ള സാങ്കേതികജ്ഞാനമുള്ളവർ ഇതേപ്പറ്റി ഒരഭിപ്രായം പുറപ്പെടുവിച്ചു് അതിൻെറ പേരിലാണു് ഇങ്ങനെ ഒരു അമാൽഗമേഷൻ നടത്തിയതെങ്കിൽ എനിക്കു് വിരോധമില്ല. പക്ഷേ ഇന്നു അതിൻെറ മേൽത്തട്ടിലിരിക്കുന്ന ആളുകൾ, ഇതു് കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ പറ്റിയ ആളുകളാണോ എന്നു എനിക്കു് വളരെ സംശയമുണ്ടു്. ഇതിനുമുൻപും ഞാൻ പറഞ്ഞിട്ടുണ്ടു്, റബ്ബർവർക്സിലും, സിറാമിക്സിലും മറ്റും ഇരിക്കുന്ന ആളുകൾ വേണ്ട സാങ്കേതിക പരിജ്ഞാനമുള്ളവരല്ല, സാങ്കേതിക പരിജ്ഞാനമുള്ള ആളുകളെ അവിടെവച്ചാൽമാത്രമേ ഇതു നന്നായികൊണ്ടുപോകുവാൻ സാധിക്കുകയുള്ളുഎന്നു്. എക്സിക്യൂട്ടീവു് അഡ്മിനിസ്ട്രേഷനിൽ പരിചയമുള്ള ആളുകളല്ലാതെ അവിടെ ടെക്നിക്കലായി പരിചയമുള്ള ആളുകളില്ല. ഇങ്ങനെയുള്ള പാകപ്പിഴകൾ അതിനകത്തുണ്ടു്. ഈ പാകപ്പിഴകൾ മാറ്റുന്നതിനുവേണ്ടി ശ്രമിക്കണമെന്നു പറയുകയല്ലാതെ ഇതിൽ കൂടുതലായി എനിക്കൊന്നും പറയുവാനില്ല. ഇൻഡസ്ട്രീസിൻെറ ഡിമാൻറു വരുന്ന സമയത്തു് ഇതേപ്പറ്റി കൂടുതലായി സംസാരിച്ചുകൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. ടി. ഒ. ബാവാ: മാഡം, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണു്. അനുകൂലിച്ചുകൊണ്ടു് ഒന്നു രണ്ടു കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ വിചാരിക്കുന്നു. ഏലൂർ

11 a. m.] പരിസരങ്ങളിൽ ഡെവലപ്പ്മെൻറു് ഏരിയായായി കുറെ സ്ഥലങ്ങൾ പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ടു്. അതിനുവേണ്ട സംഖ്യ അഡീഷനലായി കൊള്ളിച്ചിരിക്കുകയാണു്. സാധാരണ എല്ലാം അസംബ്ലിക്കാലത്തും പറയുന്ന ഒരു കാര്യമാണു് ഭൂമി പൊന്നും വിലയ്ക്കെടുക്കുന്നതിനു മതിയായ വില കൊടുക്കുന്നില്ല എന്നുള്ളതു്. ഇതു പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽപോയി പരിഹാരം തേടാമെന്നാണു് ഗവണ്മെൻറുഭാഗത്തുനിന്നു കിട്ടുന്ന മറുപടി. ഈ ഡെവലപ്പ്മെൻറ് ഏരിയായ്ക്കുവേണ്ടി സ്ഥലംഏറ്റെടുക്കുന്നതിൽ വളരെ വ്യക്തമായ അനീതി ഉദ്യോഗസ്ഥന്മാർ കാണിക്കുന്നുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും. ഒരു അറുപത്തി ഏഴായിരത്തിഒരുന്നൂറുരൂപ ലാൻറ് അക്വിസിഷനു കോടതിമുഖേന അഡീഷനലായി കൊടുക്കാൻ ഇതിൽപേത്തിട്ടുണ്ട്. അതുപോലെ ഈ സപ്ലിമെൻററി ഡിമാൻറിൽ ഉന്നയിച്ചിട്ടുള്ളമിക്കവാറും അധികംചെലവുകളും കോടതിയിൽപ്പോയി ലാൻറ് അക്വിസിഷനുവേണ്ടി വിധി സമ്പാദിച്ചു കൊണ്ടുവന്നിട്ടുള്ളതാണെന്നു കാണാൻസാധിക്കും. ഇതു് എല്ലാഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചുമുള്ള കാര്യമാണു്. അതുകൊണ്ടു് ഈ കാര്യത്തിൽ ന്യായമായവില ഭൂമി പൊന്നും വിലയ്ക്കെടുക്കുന്ന അവസരത്തിൽ കൊടുത്തു് അതു വ്യവസായങ്ങളുടെ മുതൽമുടക്കിലേയ്ക്കു് ചാർജ്ജു ചെയ്യണമെന്നു് അപേക്ഷിക്കുന്നു, ന്യായമായപ്രതിഫലം വാങ്ങാൻ കടികിടപ്പുകാരേയും ഭൂമി ഉടമസ്ഥന്മാരേയും കച്ചേരി കയറാതെന്നനിർദ്ദേശം ഉദ്യോഗസ്ഥന്മാക്കു കൊടുക്കണം ഇന്നത്തെ സമ്പ്രദായമനുസരിച്ചു വളരെയധികം ബുദ്ധിമുട്ടു് അനുഭവപ്പെടുന്നുണ്ടെന്നുള്ള വസ്തുത ഓർമ്മിപ്പിക്കാൻവേണ്ടിയാണു് ഞാൻ പറയുന്നതു്. 5–6 ആയിരം ഏക്കർ സ്ഥലം ഇനിയും എറണാകുളം ഡിസ്ട്രിക്ടിൽ സർക്കാർ വ്യവസായ ആവശ്യത്തിനായി അക്വയർ ചെയ്യേണ്ടതായിട്ടുണ്ടു്. അവിടെ ഒരേക്കറിൽനിന്നു് ഒരു കുടുംബത്തെയെങ്കിലും മാറേണ്ടതായിട്ടുവരും. ഇതുയേറെ കുടുംബക്കാർ കച്ചേരികയറാൻ ഇടവരുന്ന അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനു് മേലിലെങ്കിലും ഗവണ്മെൻറു് ശ്രദ്ധിക്കണമെന്നുമാത്രമാണു് ഈ അവസരത്തിൽ എനിക്കു് അപേക്ഷിക്കുവാനുള്ളതു്. അതു് ഗവണ്മെൻറു് പരിഗണിക്കുമെന്നു വിശ്വസിച്ചുകൊണ്ടു ഞാൻ ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. കെ. ഹസ്സൻഗനി : അപ്പക്സു് സൊസൈറ്റികളുടെ പ്രധാനമായ ഉദ്ദേശം പ്രൈമറി സൊസൈറ്റികളും ഉണ്ടാക്കുന്നസാധനങ്ങളും വിലകെട്ടുത്തു് മാക്കറ്റുണ്ടാക്കുക എന്നതും, വിദേശരാജ്യങ്ങളിൽ ഹാൻറുലൂം പ്രചരിപ്പിക്കുക എന്നതുമാണു്. വിദേശരാജ്യങ്ങളിൽ ഹാൻറുലൂം പ്രചരിപ്പിക്കുന്നതിനു് ആ രാജ്യങ്ങൾക്കാവശ്യമുള്ള ഇനങ്ങൾ ഏതെല്ലാമാണെന്നു കണ്ടുപിടിച്ചു് വേണ്ട ഉപദേശങ്ങൾ പ്രൈമറി സൊസൈറ്റികൾക്കു നൽകി അവരെക്കൊണ്ടു് നെയ്യിപ്പിച്ചു് അയച്ചുകൊടുക്കുക എന്നതാണു്. ഇവ രണ്ടും ഇന്നു് ഈ അപ്പക്സു് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം നടക്കുന്നില്ല എന്നുള്ളതു് ഒരു വസ്തുതയാണു്. ശ്രീമാൻ രവീന്ദ്രൻ ആ വസ്തുത ഇവിടെ സൂചിപ്പിക്കുകയും ചെയ്തു. ഇതിനു് പ്രധാനമായിട്ടുള്ള കാരണം ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറു് ഇന്നു് അക്കൗണ്ടുസു് ശരിയായി ആഡിറ്റു ചെയ്തുകൊടുക്കുന്നില്ല എന്നതാണു്. കഴിഞ്ഞപ്രാവശ്യം ഇവിടെ കൂടിയിരുന്ന കമ്മിറ്റിയിൽവെച്ചു് രണ്ടു് ആഴ്ചയ്ക്കകം ആഡിറ്റു് ചെയ്തു് ശരിപ്പെടുത്താമെന്നാണു് ഡയറക്ടർപറഞ്ഞിരുന്നതു്. അതുകഴിഞ്ഞിട്ടു് മാസങ്ങൾ കുറെയായി പ്രവർത്തനമൂലധനമില്ലാത്തതുകൊണ്ടു് ഇങ്ങനെ വളരെയേറെ വിഷമങ്ങൾ അപ്പക്സു് സൊസൈറ്റിക്കുണ്ടാവുന്നുണ്ടു്. ഇതുകൊണ്ടു് പ്രൈമറി സൊസൈറ്റിക്കു് അവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ ന്യായമായ വിലയ്ക്കു വിറ്റഴിക്കുന്നതിനു് സാധിക്കാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു് ഉടൻതന്നെ പ്രവർത്തനമൂലധനം കിട്ടത്തക്കരീതിയിൽ എല്ലാ കാര്യങ്ങളും ചെയ്തുതീർക്കണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്. ഡെവലപ്പ്മെൻറു് ഏരിയായെസംബന്ധിച്ചിടത്തോളം 3-ാം പഞ്ചായത്തിയുടെ മൂന്നാം കൊല്ലക്കാലത്തു് എറണാകുളം, കാലിക്കട്ടു്, കണ്ണൂർ മുതലായ സ്ഥലങ്ങളെല്ലാം ഡെവലപ്പുചെയ്യുന്നതാണെന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോഴും ഇതിൽകാണുന്നതു് എറണാകുളവും തിരുവനന്തപുരവും മാത്രമാണു്. കണ്ണൂരും കാലിക്കട്ടും കാണുന്നില്ല. ഈ കണ്ണൂരും, കാലിക്കട്ടും ഏറ്റവും പ്രധാനമായ സ്ഥലങ്ങളാണെന്നു ബഹുമാനപ്പെട്ട മന്ത്രി അവർകളോടു് പറയേണ്ടതില്ല. അവിടെയുള്ള പ്രവർത്തനങ്ങളും ഏതുരീതിയിൽ ഇരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നും, ആ പ്രവർത്തനംകൂടി ഈ മൂന്നാം പദ്ധതിയിലെ മൂന്നാം കൊല്ലക്കാലത്തു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും അറിയേണ്ടതു് ആവശ്യമാണു്. ഇതൊക്കെമന്ത്രിചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) : മാഡം, ഇവിടെ ഞാൻ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയെ സംബന്ധിച്ചു് കുറെ രണ്ടു സഹായകരങ്ങളായ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരിൽനിന്നു വന്നിട്ടുണ്ടു്. വിമർശന രൂപത്തിൽ അധികമൊന്നും കേട്ടില്ല എന്നതിൽ ഞാൻ ബഹുമാനപ്പെട്ട മെമ്പറന്മാരോടു് നന്ദിയുള്ളവനാണു്. ശ്രീ. രവീന്ദ്രൻ അപ്പക്സ് സൊസൈറ്റിയുടെ പ്രവർത്തനത്തെക്കുറിച്ചും ഹാൻഡ്ലൂമിൻെറ പ്രവർത്തനത്തെക്കുറിച്ചുമൊക്കെ കാര്യമായി പഠിക്കാൻ കഴിഞ്ഞിട്ടുള്ള ഒരാളാണു്. അദ്ദേഹംവച്ച ഒന്നുരണ്ടു നിർദ്ദേശങ്ങളെക്കുറിച്ചു് ഒന്നുരണ്ടു വാക്കുകൾ ഞാനിവിടെ പറഞ്ഞുകൊള്ളട്ടെ. അപ്പക്സ് സൊസൈറ്റി രൂപവൽക്കരിച്ചതിനുശേഷം ഓഹരികൾ കാര്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടു് എന്നതു് തീർച്ചയായും അഭിനന്ദനാർഹമാണു്. ഞാനതു് ഈ സഭയെ അറിയിക്കുകയാണു്. ഈ അപ്പക്സ് സൊസൈറ്റിക്കു് അവരുടെ ഓഹരി മൂലധനം പ്രതീക്ഷയിൽകവിഞ്ഞവിധത്തിൽ അവക്കു് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടു്. അതൊരു നല്ല കാര്യമാണു്. അതുകൊണ്ടു് അതിൻെറ ബോഡ്ഡ് ആഫ് ഡയറക്ടേഴ്സിനേയും ബന്ധപ്പെട്ട ആളുകളേയുമൊക്കെ ഞാൻ അഭിനന്ദിക്കുന്നു. ഇങ്ങനെ അവരുടെ ഓഹരിമൂലധനം വർദ്ധിപ്പിക്കുന്നതുകൊണ്ടു് ഗവണ്മെൻറു കൊടുക്കേണ്ട ഗവണ്മെൻറിൻെറ ഓഹരിയും കിട്ടുന്നു എന്നുള്ളതാണു് ഇതുകൊണ്ടുണ്ടാവുന്ന ഏറ്റവും വലിയഗുണം. ശ്രീ. രവീന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ റിസർവ്വ് ബാങ്കിൽനിന്നും അതിൻെറപ്രവർത്തനത്തിനു വേണ്ടിയുള്ള മൂലധനവായ്പ കിട്ടാനുള്ള സൗകര്യങ്ങളുണ്ടു്. ആ നിലയിൽ ഇപ്പോഴും അവർക്കു കിട്ടുന്നില്ല, കിട്ടാൻ കാലതാമസം വരുന്നുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. ഈ കാലതാമസം കുഴിയുന്നതുംവേഗത്തിൽ ഇല്ലാതാക്കാൻ ഗവണ്മെൻറു് ശ്രദ്ധിക്കുകയാണു്. അദ്ദേഹം പറഞ്ഞ കാര്യങ്ങളും പരമാർത്ഥമാണു്. ആഡിറ്റിനെ സംബന്ധിച്ചും അതു് പൂർത്തിയാക്കുന്നതിനെ സംബന്ധിച്ചും കാലതാമസം വരുന്നുണ്ടു്. ഇതൊഴിവാക്കുന്നതിനു അടിയന്തിരമായി നടപടികളും എടുക്കാമെന്നുമാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. കോവാപ്പറേറ്റീവു് സൊസൈറ്റികളിൽനിന്നു് പ്രവർത്തനമൂലധനം ഈ സൊസൈറ്റികൾക്കു് ഉണ്ടാക്കികൊടുക്കാൻ ശ്രമിക്കുന്നതാണു്. അവയുടെ പ്രവർത്തനം വികസിപ്പിക്കാൻ ആവശ്യമായ നടപടികളും ഗവണ്മെൻറു് സ്വീകരിക്കുന്നതാണു്.

പിന്നെ അദ്ദേഹം പറഞ്ഞ ഒരു നിർദ്ദേശം ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവു് സൊസൈറ്റികൾക്കും മറ്റും വായ്പ നൽകുന്നതിനുവേണ്ടി ഒരു പ്രത്യേകബാങ്കു് ഇവിടെ ഉണ്ടാക്കുന്നതു് നന്നായിരിക്കുമെന്നാണു്. മദ്രാസിലേയും മറ്റും അനുഭവം വച്ചുകൊണ്ടാണു് അദ്ദേഹം പറഞ്ഞതു്. ഇതൊരു നല്ല നിർദ്ദേശമാണെന്നു് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഉടൻതന്നെ ഇങ്ങനെയൊരു ബാങ്കു് സംഘടിപ്പിക്കണമെങ്കിൽ അതിനാവശ്യമായ പണമുണ്ടാകണം. അതൊരു പ്രയാസമുള്ള കാര്യമാണു്. നമ്മുടെ ഇന്നത്തെ സാമ്പത്തികസ്ഥിതിവച്ചുനോക്കുമ്പോൾ ഈ പദ്ധതി ഉടനെ ശ്രീ. രവീന്ദ്രൻ വിചാരിക്കുന്ന വേഗത്തിൽ നടപ്പിൽവരുത്താൻ കഴിയുമോ എന്ന കാര്യത്തിൽ സംശയമുണ്ടു്. ഇതൊരു നല്ല നിർദ്ദേശമാണെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ.

പിന്നെ ശ്രീ. ഈപ്പൻ ഉന്നയിച്ച ഒരു പ്രശ്നം പ്രധാനമായുള്ളതു് ടൈറാനിയം ഫാക്ടറിയെ പറ്റിയാണു്. അതിൻെറ കുറെ വിവരങ്ങളൊക്കെ സഭയുടെ മുമ്പാകെ വയ്ക്കാം. അതിപ്പോൾ ഡിമാൻറിൽ ഉൾപ്പെടാത്തതുകൊണ്ടു് ഞാൻ അതിനെപ്പറ്റി സ്പർശിക്കുന്നില്ല. അദ്ദേഹം പറഞ്ഞു, നമ്മുടെ സംസ്ഥാനത്തു് ഗവണ്മെൻറുടമയിൽ നേരിട്ടു് ഡിപ്പാർട്ടുമെൻറലായി നടത്തി പോന്ന വ്യവസായ സ്ഥാപനങ്ങളും ഇന്നു് അഞ്ചു് കമ്പനികൾക്കായി രജിസ്റ്റർ ചെയ്തുകഴിഞ്ഞിരിക്കുകയാണു്, ഈ നടപടി ബുദ്ധിപൂർവ്വകമാണോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

എന്നു് അദ്ദേഹം ചോദിച്ചു. പല അവസരത്തിലും ആലോചനകൾ നടത്തിയിട്ടുണ്ടു്. ഇൻഡ്യയിൽ മാത്രമല്ല മറ്റു സോഷ്യലിസ്റ്റു് വ്യവസ്ഥിതി നടപ്പിലുള്ള രാജ്യങ്ങളിൽപോലും സ്വീകരിച്ചുവന്നിട്ടുള്ള ഒരു പദ്ധതിയാണു് നാം ഇവിടെ സ്വീകരിച്ചിട്ടുള്ളതു്. അതായതു് ഈ സ്ഥാപനങ്ങൾക്കു് ഗവണ്മെന്റു് ഉടമയിൽ എന്നു പറഞ്ഞാൽ ഡിപ്പാർട്ടുമെന്റിൽനിന്നു നേരിട്ടു നടത്തുന്നതിനുപകരം—അതിനു് ഷെയർ ഗവണ്മെന്റിൽനിന്നാണു്—ഈ വ്യവസായങ്ങളുടെ നടത്തിപ്പു് കാര്യക്ഷമമാകണമെങ്കിൽ അതിനാവശ്യമായ വിധത്തിൽ അതിന്റെ ഓരോ വിഭാഗത്തിന്റേയും പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ഇങ്ങനെയുള്ള ഒരു സംഘടനയാണു് ഇൻഡ്യയിൽ നല്ലതെന്നു് അനുഭവത്തിൽനിന്നും തെളിഞ്ഞു കഴിഞ്ഞിട്ടുള്ളതാണു്. പൊതുമേഖലയിൽ വ്യവസായങ്ങളും സ്ഥാപിക്കുമ്പോഴും ഈ വ്യവസായ സ്ഥാപനങ്ങളൊന്നും വ്യവസായഡിപ്പാർട്ടുമെന്റിൽനിന്നു് നേരിട്ടു നടത്തുക എന്നുള്ള ഒരുസംപ്രദായമല്ല സ്വീകരിച്ചിട്ടുള്ളതു്. ഇതുകൊണ്ടു് നമുക്കു് എന്തെല്ലാം ഗുണങ്ങളാണു് ഉണ്ടാവുക എന്നുള്ള പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി മുമ്പുപറഞ്ഞകാര്യങ്ങളും വിശദമാക്കിയിട്ടുണ്ടു്. ഏതു നിലയിലും ഒരു പ്രവർത്തനം സാധാരണ ഡിപ്പാർട്ടുമെന്റിന്റെ രൂപകം അല്ലെങ്കിൽ ഫിനാൻസു് ഡിപ്പാർട്ടുമെന്റിന്റെ രൂപകം മുതലായവനോക്കിയെല്ലാം സാധനസാമഗ്രഷ്ടൻ വാങ്ങിച്ചുകൊണ്ടു് നടത്തുക, അസംസ്കൃതസാധനങ്ങളും വാങ്ങുക എന്നുള്ള പല കാര്യങ്ങളിലും ഡിപ്പാർട്ടുമെന്റിന്റെ രൂപകം അനുസരിച്ചു പ്രവർത്തിക്കാൻ ഒരു വ്യവസായ സ്ഥാപനത്തിനു് വലിയ പ്രയാസമുണ്ടു്. ഇതിനെ വികസിപ്പിക്കാൻ പ്രവർത്തന മൂലധനം വേണ്ടപോലെ ഉണ്ടാക്കാൻ ഇതിലൊക്കെ പ്രയാസം നേരിട്ടിട്ടുണ്ടു്. ആ ഒരു വൈഷമ്യം ഉണ്ടാവുന്നതുകൊണ്ടാണു് ഗവണ്മെന്റു് വ്യവസായ സ്ഥാപനം ഉദ്ദേശിച്ചരീതിയിൽ വികസിപ്പിക്കാൻ സാധിക്കാതെ വരുന്നതും, ചിലപ്പോൾ നഷ്ടത്തിൽവരുന്നതും. ഇതു മനസിലാക്കിയാണു് ഇങ്ങനെയുള്ള ഒരു പുനഃസംഘടന അംഗീകരിച്ചതു്. അതു് വിദഗ്ദ്ധോപദേശം അനുസരിച്ചാണു്. പിന്നെ അദ്ദേഹം പറഞ്ഞു അവിടത്തെ സാങ്കേതിക വിദഗ്ദ്ധന്മാരൊക്കെ കഴിവില്ലാത്തവരാണു്. കഴിവുള്ള സാങ്കേതിക വിദഗ്ദ്ധന്മാർ ആവശ്യമുള്ളിടത്തൊക്കെ സാങ്കേതിക വിദഗ്ദ്ധന്മാരെ കമ്പനിതന്നെ നിശ്ചയിക്കും. അതുകൊണ്ടു് ഈ പുനഃസംഘടന വളരെ ആവശ്യമാണു്. അതു് സഭയിലെ എല്ലാവരും സമ്മതിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

പിന്നീടു ശ്രീ. ഹസ്സൻ ഗനി പറഞ്ഞതു് അപ്പക്കു് സൊസൈറ്റിക്കു് പ്രവർത്തനമൂലധനം ഉണ്ടാക്കിക്കൊടുക്കുക, ഇവിടെ നമ്മൾ ഉൽപ്പാദിപ്പിക്കുന്ന ഹാൻഡ്ലൂമിന്റെ ഗുണം വർദ്ധിപ്പിച്ചു വിദേശമാർക്കറ്റിൽ സൗകര്യം ഉണ്ടാക്കി കൊടുക്കുക എന്നെല്ലാമാണു് അദ്ദേഹം പറഞ്ഞതു്. ഈ കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകൊണ്ടിരിക്കുകയാണു്. പുരോഗതി ഉണ്ടാവുമെന്നാണു് പ്രതീക്ഷിക്കുന്നതു്. പിന്നീടു് ശ്രീ. ബാവ നിർദ്ദേശിച്ചിട്ടുള്ളതു് പൊന്നും വിലക്കു് സ്ഥലമെടുക്കുന്നതിനെ സംബന്ധിച്ചാണു്. സ്ഥലമെടുക്കുമ്പോൾ ഗവണ്മെന്റിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വം ന്യായമായവില കൊടുക്കാതിരിക്കുന്നില്ല. അവർ ഇപ്പോൾ നിലവിലുള്ള ലാന്റു് അക്വിസിഷൻ രൂപകമനുസരിച്ചു് ആണു് വില നിശ്ചയിക്കുന്നതു്. അല്ലാതെ അവർ മനഃപൂർവ്വം ആക്ഷേപവില കുറച്ചു കൊടുക്കുന്നില്ല. ഞാൻ കോടതിയിൽ പോയിക്കൂടുതൽ തുക വാങ്ങിക്കൊള്ളട്ടെ എന്നു പറഞ്ഞതു് അവരെ വെല്ലുവിളിച്ചതല്ല. ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇന്നത്തെ രൂപകമനുസരിച്ചു് വില നിശ്ചയിച്ചു കൊടുക്കുമ്പോൾ ചിലർക്കു് കുറെയൊക്കെ സങ്കടമുണ്ടായെന്നുവരാം. ചിലർക്കു് കുറഞ്ഞുപോയിയെന്ന പരാതിയുണ്ടാവും. അതിനു് പരിഹാരമുണ്ടാക്കേണ്ടതു് ഇന്നത്തെ നിയമമനുസരിച്ചു് കോടതിയാണു്. ഇങ്ങനെ ഏതെങ്കിലും സ്ഥലത്തിനു് വില കുറഞ്ഞുപ്പോയി എന്നു് കോടതി വിധിച്ചാൽ, അതു് ഉദ്യോഗസ്ഥന്മാർക്കു് കുറെ

LIBRARY ARCHIVES Kerala Legislative Assembly

യൊക്കെ മാർഗ്ഗദർശനം നൽകുമെന്നു് ഞാൻ സമ്മതിക്കുന്നു. അതുകൊണ്ടു് ഇക്കാര്യത്തിൽ ഇങ്ങനെ കോടതി കയറാണമെന്ന നിർബന്ധബുദ്ധിയൊന്നും ഗവണ്മെൻറിനില്ല. ന്യായമായിട്ടുള്ളതു് കിട്ടണമെന്നതന്നെയാണു് ഗവണ്മെൻറിന്റെയും ആഗ്രഹം.

ശ്രീ. കെ. സി. ഏബ്രഹാം: സ്ഥലം എടുക്കുന്ന ഉദ്യോഗസ്ഥന്മാരാണു് വില കുറക്കുന്നതെന്ന ഒരു ധാരണ ജനങ്ങൾക്കുണ്ടു്. അതു മാറ്റുന്നതിനു് നടപടി എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: സ്ഥലമെടുക്കുന്ന ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വമായിട്ടു് നാട്ടുകാരെ ദ്രോഹിക്കുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഉദ്യോഗസ്ഥന്മാർ മനഃപൂർവ്വമായിട്ടു് എന്തെങ്കിലും ചെയ്യുന്നു എന്നല്ല ആവലാതി. ഗൗരവം അനുസരിച്ചാണു് അവർ വില നിശ്ചയിക്കുന്നതു്. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരെപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല. നമ്മുടെ രാജ്യത്തു് വ്യവസായങ്ങൾ വർദ്ധിച്ചു വരണമെന്നുള്ളതു് ഒരാവശ്യമായതുകൊണ്ടു് ഈ കാര്യത്തിൽ വലിയ പരാതിയൊന്നും പറയാതെ ജനങ്ങൾ ഗവണ്മെൻറിനോടു് സഹകരിക്കേണ്ടതാണു്.

ശ്രീ. പി. രവീന്ദ്രൻ: അപ്പീക്സ് സൊസൈറ്റികളുടെ 61–62-ലെ അക്കൗണ്ടു് ആഡിറ്റു ചെയ്തു കൊടുക്കാത്തതിന്റെ കാരണമെന്താണെന്നു അന്വേഷിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കാരണം വിശേഷിച്ചൊന്നുമില്ല. കാലാവധി തീരുന്നതേയുള്ളു. നിർബന്ധപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല. കഴിയുന്ന വേഗത്തിൽ ആഡിറ്റു് പൂർത്തിയാക്കി പ്രവർത്തനമൂലധനം കിട്ടാനുള്ള സൗകര്യമുണ്ടാക്കണമെന്നു് എനിക്കും നിർബന്ധമുണ്ടു്.

ശ്രീ. എം. എ. ആൻറണി: അങ്കമാലിയിൽ ഡെവലപ്പ്മെൻറു് ഏരിയയായി എടുത്ത സ്ഥലത്തിനു വിലകൊടുത്തതിനു് ഫർപ്പാട്ട ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വില കൊടുത്തുകഴിഞ്ഞു.

ശ്രീ. കെ. ഹസ്സൻഗനി: കാലിക്കട്ടം, കണ്ണൂരും ഡെവലപ്പ്മെൻറു് ഏരിയായായി തിരഞ്ഞെടുത്തിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നാൽ അതിപ്പോഴും ചെയ്യാത്തതിന്റെ കാരണമെന്താണു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ: തിരുവനന്തപുരം, എറണാകുളം, പാലക്കാടു് ഇവിടെയാണു് സ്ഥലം ഡെവലപ്പ്മെൻറു് ഏരിയാക്കു നീക്കിവച്ചിട്ടുള്ളതു്. കണ്ണൂരും, കോഴിക്കോടും അങ്ങനെ ഒരു പദ്ധതി സ്വീകരിച്ചിട്ടില്ല.

The question that a supplementary sum not exceeding Rs. 2,07,300 be granted under Demand XXVII—Industries, was put and carried.

The grant was made.

The question that a supplementary sum not exceeding Rs. 13,62,800 be granted under Demand XLV—Capital outlay on Industrial Development, was put and carried.

The grant was made.

ശ്രീ. പി. രവീന്ദ്രൻ: ഇവിടെ രണ്ടു ഡിമാൻറുകൾ ഉണ്ടു്. ഓരോന്നിനും 40 മിനിറ്റു വീതമാണു് സമയം അലോട്ടു ചെയ്തിരിക്കുന്നതു്. 10.40–നാണു് തുടങ്ങിയതു് 11 ആയപ്പോഴും മന്ത്രിയെ മറുപടി പറയാൻ ക്ഷണിച്ചു. രണ്ടുപേർ സംസാരിക്കാൻ പേരു തന്നിരുന്നു. സഭയിൽ സ്പീക്കർ പ്രഖ്യാപിച്ചു കഴിഞ്ഞതിനു് മാറ്റം വരുത്തുമ്പോൾ സഭയിലുള്ള അംഗങ്ങളെ അതു് അറിയിക്കാതിരുന്നതു് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെ: സ്പീക്കർ: രണ്ടു ഡിമാൻറിനുംകൂടി 40 മിനിട്ടാണു് അനുവദിച്ചിരിക്കുന്നതു്.

ശ്രീ. പി. രവീന്ദ്രൻ: 40 മിനിറ്റായില്ല. 20 മിനിറ്റു കഴിഞ്ഞപ്പോഴും മന്ത്രിയെ മറുപടി പറയാൻ ക്ഷണിച്ചു. അതു് തെറ്റാണെന്നാണു് ഞാൻ പറഞ്ഞതു്. സ്പീക്കറുടെ ഇഷ്ടംപോലെ സമയം വെട്ടിച്ചുരുക്കുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ അതു് സഭയെ അറിയിക്കണം.

ഡെ. സ്പീക്കർ: സമയം വെട്ടിച്ചുരുക്കിയിട്ടില്ല.

ശ്രീ. പി. രവീന്ദ്രൻ: 10—40-നു തുടങ്ങി. 11—നു മന്ത്രിയെ മറുപടി പറയാൻ ക്ഷണിച്ചു.

Demand XXXII—Irrigation

Minister for Food and Agriculture (**Shri E. P. Poulose**):

I move that a supplementary sum not exceeding Rs. 31,25,100 be granted under Demand XXXII-Irrigation.

Minister for Industries and Local Admininistration (**Shri K. A. Damodara Menon**): I Second it.

Minister for Food and Agriculture (**Shri E. P. Poulose**): I move that a supplementary sum not exceeding Rs. 28,39,400 be granted under Demand XLVI—Capital Outlay on Irrigation.

Minister for Industries and Local Administation (**Shri K. A. Damodara Menon**): I Second it.

ശ്രീമതി കെ. ആർ. ഗൗരി: മാഡം, ഞാൻ ഈ ഡിമാൻറിനെ ശക്തിയായി എതിർക്കുകയാണു്. നമ്മുടെ കാർഷിക വിളവുകൾ വർദ്ധിപ്പിക്കുന്നതിലേക്കു് മീഡിയം ഇറിഗേഷനും വൻതരം ഇറിഗേഷൻപദ്ധതികളും നടപ്പിൽ വരുത്തുമ്പോഴും കാലതാമസവും ചെലവുകളും വന്നുകൊണ്ടിരിക്കുമ്പോഴും തന്നെ വേഗത്തിൽ കാര്യം നടക്കാനും നമ്മുടെ ചെറിയ ജലസേചന പദ്ധതികളെ ഉപയോഗിച്ചു് വിളവുകൾ വേഗം വർദ്ധിപ്പിക്കുവാനുമാണു് ചെറുകിട ജലസേചന പദ്ധതികൾ നമ്മൾ അംഗീകരിക്കുന്നതു്. മൈനർ ഇറിഗേഷൻ വർക്കുകൾക്കു് ചിലവാക്കുന്ന തുകയിൽ 75 ശതമാനവും ഉപയോഗപ്രദമല്ലാത്ത ജോലികൾക്കു് ചെലാക്കുകയും നമ്മൾ ഉദ്ദേശിക്കുന്ന ഫലം ഇല്ലാതാക്കുകയുമാണു് ചെയ്യുന്നതു്. ഇതിനുള്ള പണം ദുർവിനിയോഗപ്പെടുത്തുകയും കൈക്കൂലിയായിട്ട് പോകുകയുമാണു് ചെയ്യുന്നതെന്ന ആക്ഷേപവും വളരെക്കാലമായി കേട്ടുതുടങ്ങിയതാണു്. ഇറിഗേഷൻ വർക്കുകൾ സെലക്ടു ചെയ്യുന്നതു് ഡി. ഡി. സി. ആണു്. എന്നാൽ ഡി. ഡി. സി. recommend ചെയ്യുന്ന ജോലികൾ സാങ്കേതികമായ പ്രവർത്തനങ്ങളാണെങ്കിൽ നടക്കുകയില്ല. കാരണം ഈ ജോലികൾ നടത്താൻ കുറച്ചു് പണമെങ്കിലും അതിനു മുടക്കണം. കണ്ടുറാക്ടുറേഴ്സു് പുറവാതിലിൽക്കൂടി തോട്ടു കഴിക്കുന്നതിനു കൊണ്ടുവരുന്ന ജോലികൾ ഡി. ഡി. സി. പോലും അറിയാതെ നടക്കുന്നുണ്ടു്. പണം കൊടുക്കുന്നുമുണ്ടു്. അവിടെ അഴിമതിയുടെ കുത്തരംഗാണു്. സാങ്കേതിക പ്രവർത്തനങ്ങൾ Sluices മുതലായവയാണെങ്കിൽ നടക്കുകയില്ല. ഉദാഹരണമായി എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട രണ്ടു sluices—ൻറെ പണി 1961—ൽ ആലപ്പുഴ ഡി. ഡി. സി. പാസാക്കിയതാണു്. അന്ധകാര അഴിയിൽ സ്റ്റിൽവേ 1958-ൽ തീർന്നതാണു്. വെള്ളം കൂടുതലുള്ളപ്പോൾ ഇറക്കുന്നതിനു വേണ്ടി പണിതതാണു് ഈ സ്റ്റിൽവേ. എന്നാൽ ഇടവം മുതൽ ചിങ്ങം വരെ കടലിൽനിന്നു് ഏറ്റവും നല്ല വളത്തിനുപയോഗിക്കാവുന്ന സിൽട്ടു് (silt) പൊഴികളിലേക്കു് കയറുന്നതിനു സൗകര്യമുള്ളതുകൊണ്ടു് ആ കാലം ഈ സ്റ്റിൽവേ തുറന്നിടും. ചേർത്തല താലൂക്കിലെ തെങ്ങിനു ഉപയോഗിക്കുന്ന ഏറ്റവും ആവശ്യമുള്ള ഒരു വളമാണതു്. അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട

LIBRARY ARCHIVES Kerala Legislative Assembly